# ജില്ലാ പോലീസ് ഉദ്യോഗസ്ഥർക്കായി രക്ത പരിശോധന ക്യാമ്പ് നടത്തി



എറണാകുളം റൂറൽ ജില്ലാ പോലിസിന്റെ നേതൃത്വത്തിൽ പോലീസ് ഉദ്യോഗസ്ഥരുടെ സമഗ്ര ആരോഗ്യ സംരക്ഷണത്തിന്റെ ഭാഗമായി, രണ്ട് ദിവസങ്ങളിലായി അഗാപ്പ ഡയഗനോസ്റ്റിക് സെൻററുമായി ചേർന്ന് നടത്തപ്പെടുന്ന രക്ത പരിശോധന ക്യാമ്പ് ജില്ലാ പോലീസ് ആസ്ഥാനത്തെ കോൺഫറൻസ് ഹാളിൽ വച്ച് ജില്ലാ പോലീസ് മേധാവി കെ. കാർത്തിക് IPS ഉത്ഘാടനം ചെയ്തു.

തോമസ്.ജോൺ നേതൃത്വം കൊടുക്കുന്ന അഗാപ്പ ഡയഗനോസ്റ്റിക് സെൻററാണ് ഏകദേശം 1600/- രുപയോളം ചിലവ് വരുന്ന രക്ത പരിശോധന തികച്ചും സൗജന്യമായി ചെയ്തു തരുന്നത്. അഗാപ്പ ഡയഗനോസ്റ്റിക് സെൻററിന്റെ വൈസ് പ്രസിഡൻറ് പോൾ.പി.എബ്രഹാമിന്റെ നേതൃത്വത്തിലുള്ള സംഘമാണ് ക്യാമ്പ് നടത്തിയത്. അഡീഷണൽ എസ്.പി. എം.ജെ.സോജൻ, ക്രൈം ബ്രാഞ്ച് ഡി.വൈ.എസ്.പി കെ.എം.ജിജിമോൻ, സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പി ആർ.റാഫി, ഡി.സി.ആർ.ബി ഡി.വൈ.എസ്.പി റെജി.എബ്രഹാം.പി, ആലുവ ഡി.വൈ.എസ്.പി ജി.വേണു,എന്നിവരും ജില്ലയിലെ 500 ഓളം പോലീസ് ഉദ്യോഗസ്ഥരും സ്റ്റാഫും പങ്കെടുത്തു.